ഉത്തരം

(എ) എല്ലാ സർക്കാർ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ടി റിപ്പോർട്ടുകൾ അവലോകനം ചെയ്യുന്നുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ നിർദ്ദേശം നൽകാറുണ്ട്. ഇത് വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായകരമാവുന്നുണ്ട്.

(ബി) ഇല്ല.

(സി) കാലതാമസം കൂടാതെ തീരുമാനം എടുക്കുന്നതിന്റെയും നടപടി ക്രമങ്ങൾ സുതാര്യമാക്കുന്നതിന്റെയും ഭാഗമായി IDEAS, DDFS, ഇ-ഓഫീസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.

(ഡി) സർക്കാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നതിന് കൈപ്പറ്റ് രസീതിന്റെ മാതൃക ഉൾപ്പെടുത്തി 12-1-2009-ലെ സർക്കുലർ നമ്പർ 168/എ.ആർ13(2)/09/ ഉത്തവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും ജോലി ലഭിക്കാത്തവർ

45 (6192) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് മുപ്പതിലേറെ വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു പി.റ്റി.എസ്. ജോലി പോലും ലഭിക്കാത്തവർക്ക് പ്രായപരിധി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മാനുഷിക പരിഗണന നൽകി ജോലി ലഭിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് മുപ്പത് വർഷത്തിലേറെ കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ചവർക്ക് മിനിമം പെൻഷൻ ലഭിക്കുന്നതിനുള്ള കാലയളവ് വർദ്ധിപ്പിച്ചു നൽകുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയുള്ള സംസ്ഥാന സർക്കാർ നിയമനങ്ങൾക്ക് പരിഗണിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 36 വയസ്സിൽ നിന്ന് 41 വയസ്സായി ഉയർത്തിയിട്ടുണ്ട്. (ഇക്കാര്യത്തിൽ സംവരണ വിഭാഗങ്ങൾക്കുള്ള നിയമാനുസൃത വയസ്സിളവ് ബാധകമാണ്.) പാർട്ട്ടൈം തസ്തികയിലേക്ക് പരിഗണിക്കേണ്ട ഉയർന്ന പ്രായപരിധി നിയമാനുസൃതമായ എല്ലാ വയസ്സിളവും ഉൾപ്പെടെ 50 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly